LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തീരുമാനിച്ചിട്ടുണ്ട്.

(ബി) നിലവിലുണ്ട്.

(സി) പ്രസ്തുത കേന്ദ്രത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് 2013-14 സാമ്പത്തിക ബഡ്ജറ്റിൽ 25 ലക്ഷം രൂപ വകയിരുത്തിയിരുന്നു. 26-1-2013-ലെ സ.ഉ.(സാധാ)നമ്പർ.539/2013/സാ.നി.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പ്രസ്തുത കെട്ടിടം നിർമ്മിക്കുവാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. *

സാമൂഹ്യക്ഷേമ പെൻഷനുകൾ

317 (1639) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ വിതരണം ചെയ്യുന്ന സാമൂഹ്യക്ഷേമ പെൻഷനുകൾ ഏതെല്ലാമാണെന്നും ഈ പെൻഷനുകളുടെ മാസതുക എത്ര വീതമാണെന്നും അറിയിക്കുമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം വിതരണം ചെയ്യുന്ന സാമൂഹ്യക്ഷേമ പെൻഷനുകളിൽ ഓരോന്നിലും എത്ര മാസത്തെ തുക കുടിശ്ശികയുണ്ട് ;

(സി) പ്രസ്തുത കുടിശ്ശിക എന്നത്തേക്ക് നൽകാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സാമൂഹ്യനീതി വകുപ്പ് വിവിധ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന വിതരണം ചെയ്തുവരുന്ന ക്ഷേമ പെൻഷനുകൾ താഴെപ്പറയുന്നവയാണ് :

| നമ്പർ | ക്ഷേമപെൻഷന്റെ പേര് | പ്രതിമാസ വിഹിതം(രൂപ) |
|---|---|---|
| 1 | വികലാംഗപെൻഷൻ | 700 |
| | 80%-ന് മുകളിൽ വൈകല്യം ഉള്ളവർക്ക് | 1000 |
| 2 | അഗതി(വിധവ) പെൻഷൻ | 700 |
| 3 | വാർദ്ധക്യകാല പെൻഷൻ | 500 |
| | 80 വയസ്സിന് മുകളിൽ പ്രായമുള്ളവർക്ക് | 1100 |
| 4 | 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 700 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) വാർദ്ധക്യകാല പെൻഷൻ ഒഴികെ മറ്റുപെൻഷനുകളിൽ കുടിശ്ശികയില്ല. വാർദ്ധക്യകാല പെൻഷൻ വിതരണത്തിൽ 6 മാസത്തെ കുടിശ്ശികയുണ്ട്.

(സി) ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് വിതരണം ചെയ്യുന്നതാണ്.

**മിഷൻ 676**

318 (1640) ശ്രീ. കെ. അച്ചുതൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭിന്നശേഷിയുള്ളവർ ഉൾപ്പെടെയുള്ളവരുടെ സമ്പൂർണ്ണ സാമൂഹ്യ സുരക്ഷയ്ക്കായി മിഷൻ 676-ൽ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം പദ്ധതികളാണ് മിഷൻപ്രകാരം നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

**ഉത്തരം**

(എ) മിഷൻ 676-ൽ പ്രകാരം ഉൾപ്പെടുത്തി സാമൂഹ്യനീതി വകുപ്പ് മുഖാന്തിരം ഭിന്നശേഷി ഉൾപ്പെടെയുള്ളവരുടെ സമ്പൂർണ്ണ സാമൂഹ്യ സുരക്ഷയ്ക്കായി 13 പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) മിഷൻ 676 പ്രക്രാരം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളും ആയതിന്റെ വിശദാംശങ്ങളും ചുവടെ പ്രഖ്യാപിച്ചിട്ടുണ്ട് :

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | വിശദാംശം |
|---|---|---|
| (1) | (2) | (3) |
| 1 | നിർഭയ പദ്ധതി | സ്ത്രീകൾക്കും പെൺകുട്ടികൾക്കും സുരക്ഷയും അക്രമത്തിന് ഇരകളായവർക്ക് കൗൺസിലിംഗും പുനരധിവാസവും ഉറപ്പാക്കുക എന്നതാണ് നിർഭയ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം. |
| 2 | ശാരീരിക വൈകല്യമുള്ള വനിതകൾക്കായി തിരുവനന്തപുരത്ത് പുതിയ കെട്ടിട നിർമ്മാണം. | കെട്ടിട നിർമ്മാണത്തിന്റെ അവസാനഘട്ടം പുരോഗമിക്കുന്നു. |

LIBRARY ARCHIVES Kerala Legislative Assembly